66 41
11/6/15

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

സാമൂഹ്യനീതി വകുപ്പ് - ജീവനക്കാര്യം - ഭരണ സംവിധാനം മെച്ചപ്പെടുത്തൽ - ഐ.സി.ഡി.എസ് പ്രോജക്ടുകളിൽ ബയോമെട്രിക് പഞ്ചിംഗ് സംവിധാനം സ്ഥാപിക്കൽ - ശീർഷകം ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

**സാമൂഹ്യനീതി (എ) വകുപ്പ്**

സ.ഉ. (സാധാ) നം. 289/2015/സാ.നീ.വ. തീയതി, തിരുവനന്തപുരം: 26.05.2015.

==========================================================================

പരാമർശം:- 1. 04.08.2014-ലെ സ.ഉ.(സാധാ) 475/14/സാ.നീ.വ.
2. സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ 17.12.2014-ലെ ഐ.റ്റി/18634/2014 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

സാമൂഹ്യനീതി വകുപ്പിലെ ഐ.സി.ഡി.എസ്. പ്രോജക്ടുകളിൽ ബയോമെട്രിക് പഞ്ചിംഗ് സംവിധാനം സ്ഥാപിക്കുന്നതിന് 2235-02-102-98 (01) പി 34 ഒ.സി. എന്ന ശീർഷകത്തിൽ നിന്നും 1,33,42,596/- രൂപ ചെലവഴിക്കുന്നതിന് പരാമർശം (1) പ്രകാരം ഭരണാനുമതി നല്കിയിരുന്നു. കേന്ദ്ര വിഹിതത്തിൽ നിന്നും ടി തുക ചെലവഴിക്കാൻ സാധിക്കാത്തതി നാൽ ടി ശീർഷകത്തിലെ 10% വരുന്ന സ്റ്റേറ്റ് ഷെയറിൽ നിന്നും ടി തുക വിനിയോഗിക്കുന്നതിന് പരാമർശം (2) പ്രകാരം സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഐ.സി.ഡി.എസ്. പ്രോജക്ടുകളിൽ ബയോമെട്രിക് പഞ്ചിംഗ് സംവിധാനം സ്ഥാപിക്കുന്നതിന് വേണ്ടി വരുന്ന തുകയായ 1,28,08,892/- (ഒരു കോടി ഇരുപത്തിയെട്ട് ലക്ഷത്തി എണ്ണായിരത്തി എണ്ണൂറ്റി തൊണ്ണൂറ്റി രണ്ട് രൂപ മാത്രം) രൂപ നടപ്പു സാമ്പത്തിക വർഷത്തെ 2235-02-001-96 ഭരണ സംവിധാനം ശക്തിപ്പെടുത്തൽ എന്ന ശീർഷകത്തിൽ നിന്നും വിനിയോഗിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. പരാമർശം (1)-ലെ ഉത്തരവ് മേൽ പറഞ്ഞ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
**കെ.എം.ലീലാമണി**
അഡീഷണൽ സെക്രട്ടറി

സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ), തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (23.04.2015-ലെ 27534/ഡബ്ല്യൂ.ഡബ്ല്യൂ.3/15/ഫിൻ പ്രകാരം)
ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് (21.03.2015-ലെ 3341/എ2/15/പ്ലാനിംഗ് പ്രകാരം)
സാമൂഹ്യനീതി (എ3) വകുപ്പ്
വിവര പൊതുജന സമ്പർക്ക വകുപ്പ്, വെബ് ആന്റ് ന്യൂ മീഡിയ (പ്രസിദ്ധീകരണത്തിന്)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ